(ബി) കേരള സാമൂഹ്യ സുരക്ഷാ മിഷനും മലബാർ ഗോൾഡ് & ഡയമണ്ട്സും സംയുക്തമായി ചേർന്ന് നടപ്പാക്കിയിരുന്ന പ്രത്യാശ വിവാഹ ധനസഹായ പദ്ധതിയിൽ 22 വയസ്സ് പൂർത്തിയായ 60,000 രൂപയിൽ താഴെ കുടുംബ വാർഷിക വരുമാനമുള്ളവർക്ക് വിവാഹത്തിനുമുമ്പ് ധനസഹായത്തിനായി അപേക്ഷിക്കാവുന്നതാണ്. നിത്യ രോഗികളായവർ, അംഗപരിമിതർ, സ്ത്രീകൾ മാത്രമുള്ള കുടുംബം എന്നീ കുടുംബങ്ങളിലെ അപേക്ഷകൾക്ക് മുൻഗണന ലഭിക്കത്തക്ക വിധത്തിലാണ് ധനസഹായം അനുവദിക്കുന്നത്. മാനദണ്ഡങ്ങൾ ലഘൂകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല.

പ്രത്യാശ പദ്ധതി

264 (1689) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ ആഭിമുഖ്യത്തിലുള്ള പ്രത്യാശ പദ്ധതിയിലേക്ക് എത്ര അപേക്ഷകൾ ലഭ്യമായിട്ടുണ്ടെന്ന് വിശദമാക്കാമോ ;

(ബി) ലഭ്യമായ അപേക്ഷകൾ പ്രകാരം എത്ര ഇക അനുവദിച്ചെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ ;

(സി) ശേഷിക്കുന്ന അപേക്ഷകളിൽ എന്ന് തീർപ്പ് കൽപ്പിക്കാനാകുമെന്ന് അറിയിക്കാമോ ?

ഉത്തരം

(എ) 4800 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

(ബി) ലഭിച്ച അപേക്ഷകളിൽ നിന്നും 2000 പേർക്കായി 5 കോടി രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് താഴെ കൊടുക്കുന്നു :

ക്രമ നമ്പർ	ജില്ല	ഗുണഭോക്താക്കളുടെ എണ്ണം	അനുവദിച്ച ഇക
1	തിരുവനന്തപുരം	254	63,50,000
2	കൊല്ലം	49	12,25,000
3	പത്തനംതിട്ട	42	10,50,000

LIBRARY ARCHIVES Kerala Legislative Assembly

4	ആലപ്പുഴ	67	16,75,000
5	കോട്ടയം	110	27,50,000
6	ഇടുക്കി	37	9,25,000
7	എറണാകുളം	121	30,25,000
8	തൃശ്ശൂർ	112	28,00,000
9	പാലക്കാട്	120	30,00,000
10	മലപ്പുറം	337	84,25,000
11	കോഴിക്കോട്	386	96,50,000
12	വയനാട്	164	41,00,000
13	കണ്ണൂർ	75	18,75,000
14	കാസർഗോഡ്	126	31,50,000
	ആകെ	2000	5,00,00,000

(സി) ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് അപേക്ഷകളിന്മേൽ നടപടി സ്വീകരിക്കുന്നതാണ്.

പിണറായിയിലെ അംഗൻവാടി ടെയിനിംഗ് സെന്റർ

265 (1690) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യത്തിന് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ധർമ്മടം മണ്ഡലത്തിലെ പിണറായിയിൽ നിർമ്മിക്കുന്ന അംഗൻവാടി ടെയിനിംഗ് സെന്ററിന്റെ നിർമ്മാണം ത്വരിതപ്പെടുത്തുന്നതിന് സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ?

ഉത്തരം

സ്വീകരിച്ചിട്ടുണ്ട്. ജനപ്രതിനിധിയുടെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെയും ഒരു യോഗം 7-1-2015-ൽ വിളിച്ചു ചേർക്കുകയും കെട്ടിട നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുവാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly